AYURVEDA COLLEGE

***808. [15] Sry. Annie Mascarene:**

I am not asking question No. 15.

കുത്തകപ്പാട്ടം

*വ്യ ൦ ൽ. (ഫ ന്ന) ശ്രീമതി ആനിമസ്ക്രീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സഭയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മൂന്നു വർഷത്തിനകം ദേവികുളം താലൂക്കിൽ പള്ളിവാസൽ പകുതിയിൽ എത്ര ഏക്കർ സ്ഥലം കുത്തകപ്പാട്ടത്തിനായി കൊടുത്തിട്ടുണ്ട്;

(ബി) സ്ഥലങ്ങൾ പാട്ടത്തിനു കൊടുക്കുന്നു എന്നു് മുൻകൂട്ടി പരസ്യം ചെയ്യോ;

(സി) കുത്തകപ്പാട്ടം എത്ര വർഷത്തേയ്ക്കാണു്;

(ഡി) ദരിദ്രന്മാരെ അവഗണിച്ചിട്ടു് ധനവാന്മാർക്കും അവരുടെ ആശ്രിതന്മാർക്കും ഭൂമി കൊടുത്തു എന്നു് ഗവൺമെണ്ടിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) മേൽപറയപ്പെട്ട സ്ഥലങ്ങളിലെ തടികൾ വെട്ടി നശിപ്പിച്ചു എന്നു് നിയമസഭയിൽ ഉണ്ടായ വാദത്തെ സംബന്ധിച്ചു് ഗവൺമെണ്ടു് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ;

(എഫ്) അഞ്ചുലക്ഷം രൂപാ വിലക്കു് ആ സ്ഥലത്തെ തടികൾ എടുത്തുകൊള്ളാമെന്ന അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ജി) തടികളുടെ എണ്ണം ഗവൺമെണ്ടു് അന്വേഷിച്ചു് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തിട്ടപ്പെടുത്തിയതു് കുത്തകപ്പാട്ടത്തിനുള്ള ഉത്തരവിനു മുമ്പോ പിമ്പോ?

Minister for Law, Finance and Revenue **(Sri. A. J. John):** The answer is not ready.

Sri. P. Balakrishnan Tampi: Do the observations regarding question No. 7 apply also to this question—(question No. 16)? Before the session closes this time, Government may be enabled to place an answer on the table of the House.

ശ്രീ. എ. ജെ. ജോൺ: അതിനുമുമ്പുതന്നെ ഉത്തരം മുഴുവൻ കിട്ടിയാൽ അതു് ഈ സഭമുമ്പാകെ വയ്ക്കുന്നതാണു്.

മദ്യവർജ്ജനം

*വ്യ ഫ ൦. (ഫ ൭) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയം മറുപടി പറയുമോ.—

(എ) അടുത്ത സാമ്പത്തികവർഷത്തിലേക്ക് (ഫ ൻ ൪ ഫ ൽ) മദ്യവർജ്ജനം കൂടുതലായി എപ്പെടുത്തേണ്ട ആവശ്യമില്ലെന്നു തീരുമാനിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം തീരുമാനിച്ചെങ്കിൽ അതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) മദ്യവർജ്ജനം നടപ്പിലാക്കുന്നതുസംബന്ധിച്ചു് ഈ സംസ്ഥാനത്തെ ജനപക്ഷം ആളുകളുടെയും അഭിപ്രായം എന്താണെന്നു ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) അന്വേഷണത്തിനാവശ്യമില്ല.

മദ്യവർജ്ജനം

*വ്യ ക ക. (ക വ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ മദ്യമേഖലകളെ അപേക്ഷിച്ച് സമാധാനവും ശാന്തതയും സൈരതയും കൂടുതലായി ഉണ്ടെന്നുള്ളതു ശരിയാണോ;

(ബി) മദ്യവർജ്ജനമേഖലകളിൽ ക്രിമിനൽ കേസുകളും ബഹളങ്ങളും വളരെ കുറവാണെന്നുള്ളതും ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശരിയാണ്.

(ബി) ശരിയാണ്.

ശ്രീ. സി. വി. ഇയ്യു: മദ്യനിരോധനമേഖലകളിൽ ആളുകൾപോയി കടികിടക്കുന്നതുകൊണ്ടു അവിടെ വിഷമങ്ങൾ ഉണ്ടാകുന്നതായി അറിയാമോ?

Mr. Speaker: That question is not allowed.

മദ്യവർജ്ജനം

*വ്യ ക ഛ. (ക ൻ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം പരിപൂർണ്ണ വിജയത്തിൽ വരുത്തണമെന്ന് ഗവൺമെന്റ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രനാൾകൊണ്ട് പരിപൂർണ്ണമാക്കണമെന്നു വിചാരിക്കുന്നു എന്ന് പറയാമോ; അതിലേക്ക് ഗവൺമെന്റിന്റെ മുമ്പാകെ ഒരു ക്ലിപ്തപദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ത്;

(സി) മദ്യമേഖലകളിൽ ഇരിക്കുന്ന പല ഉദ്യോഗസ്ഥന്മാരും മദ്യപാനം ചെയ്തുകൊണ്ട് പൊതുജനോപദ്രവകരങ്ങളായ പല പ്രവൃത്തികളും നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല. കഴിയുന്നതുംവേഗം മദ്യനിരോധനം പൂർണ്ണമാക്കണമെന്നാണ് ഗവൺമെന്റിന്റെ നയം

(സി) ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: അങ്ങിനെ മദ്യപാനികളായ ഉദ്യോഗസ്ഥന്മാർ മദ്യനിരോധനമേഖലകളിൽ ഇരിക്കുന്നില്ലെന്നാണോ പറയുന്നത്?

Mr. Speaker: That question is disallowed.

LIBRARY ARCHIVES Kerala Legislative Assembly